# ഒരു തടവുകാരനാവുക എന്നാൽ

അനുഭവം ● **ഡോ. അസാം അൽ ഇർയാൻ**



**ഇതൊരു** തടവുകാരൻ അയാളുടെ ഒടുവിലത്തെ ജയിൽവാസത്തിനിടെ പകർത്തിവെച്ച ചിന്തകളാണ്. ദീർഘമായ ജയിൽവാസമായിരുന്നല്ലോ അയാളുടെ ജീവിതംതന്നെ. ഇപ്പോഴയാൾ ചെറിയ ജയിലിൽനിന്ന് വലിയ ജയിലിലേക്ക് ഇറങ്ങിവന്നുവെന്ന് മാത്രം. ഇഹലോകമെന്ന ഈ തടവു ജീവിതം കഴിഞ്ഞാൽ, അത് ഹ്രസ്വമോ ദീർഘിച്ചതോ ആകാം, അവാച്യവും അവർണനീയവുമായ ഒരു തുറസ്സിലേക്ക് അയാൾ പറന്നുയരും. പ്രപഞ്ച രക്ഷിതാവിന്റെ സിംഹാസനഛായയിൽ ആത്മാക്കൾ വിശ്രമിക്കുന്നേടത്തേക്ക്. പ്രവാചകൻ പറയുകയുണ്ടായല്ലോ: "തടവറ സ്വാതന്ത്ര്യ നഷ്ടവും ചങ്ങലകളുടെയും ബന്ധനങ്ങളുടെയും ഭാരവുമാണ്.. ജനപഥങ്ങൾക്ക് അല്ലാഹു നിശ്ചയിച്ചുകൊടുത്ത പ്രകൃതി സ്വാതന്ത്ര്യമാണ്."

തടവുകാരനായിരിക്കുക എന്നാൽ തുടക്കത്തിൽ രണ്ടു കാര്യമാണ്. ഒന്ന്, സ്വാതന്ത്ര്യത്തിന്റെ വില നിങ്ങൾക്ക് മനസ്സിലാകും. നേരത്തെ അതേക്കുറിച്ച് നിങ്ങൾ ആലോചിച്ചിട്ടേ ഉണ്ടായിരുന്നില്ല. ആരോഗ്യവും സൗഖ്യവും പോലെ. രോഗികൾക്കേ അതിന്റെ വിലയറിയൂ. അരോഗഗാത്രരുടെ തലയിലിരിക്കുന്ന കിരീടമായാണ് രോഗികൾ ആരോഗ്യത്തെ കാണുക. രണ്ട്, യഥാർഥ സ്വാതന്ത്ര്യത്തിന്റെ പൊരുൾ നിങ്ങൾക്ക് പിടികിട്ടും. ബന്ധനങ്ങളില്ലാതെ ശരീരത്തിന് സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുക എന്നത് മാത്രമല്ല സ്വാതന്ത്ര്യം എന്ന് നിങ്ങൾ മനസ്സിലാക്കും. സുപ്രധാനമായ മറ്റൊരു സ്വാതന്ത്ര്യം കൂടിയുണ്ട്. അത് ആത്മാവിന്റെ സ്വാതന്ത്ര്യമാണ്. ഒരു വേലിക്കെട്ടിനും അണക്കെട്ടിനും അതിനെ തടുത്തു നിർത്താനാവുകയില്ല. ചങ്ങലകൾക്കും മതിലുകൾക്കും അതിനെ ബന്ധിക്കാനാവുകയില്ല. "അപ്പോൾ അവർക്കിടയിൽ ഒരു ഭിത്തി ഉയർത്തപ്പെടും. അതിനൊരു കവാടമുണ്ടായിരിക്കും. അതിന്റെ അകഭാഗത്ത് കാരുണ്യവും പുറഭാഗത്ത് ശിക്ഷയുമായിരിക്കും" എന്ന ഖുർആൻ വാക്യം (*അൽഹദീദ്* 13) അപ്പോൾ നിങ്ങൾ ആലോചനാപൂർവം വായിച്ചു നോക്കും. പലതവണ ദിമിശ്ഖ് കോട്ടയിൽ തടവുകാരനായി പാർപ്പിക്കപ്പെട്ട ഇമാം ഇബ്നു തൈമിയ്യയുടെ വാക്കുകളുടെ അർഥം അപ്പോൾ നിങ്ങൾക്ക് പിടികിട്ടും. അദ്ദേഹം പറഞ്ഞു: "എന്റെ ശത്രുക്കൾക്ക് മനസ്സിലായിട്ടില്ലേ, എന്റെ തടവറ എനിക്ക് ഒഴിഞ്ഞിരിക്കാനുള്ള അവസരമാണ്. ഞാൻ വധിക്കപ്പെടുകയാണെങ്കിൽ അത് രക്തസാക്ഷ്യമാണ്. എന്നെ നാടുകടത്തുന്നത് എനിക്ക് വിനോദസഞ്ചാരമാണ്. എന്റെ തോട്ടങ്ങളും പൂന്തോപ്പുകളും എന്റെ ഹൃദയത്തിലാണ്. ഞാനെവിടെപ്പോയാലും അതെന്റെ കൂടെയുണ്ടാവും, ഒരിക്കലും വിട്ടുപിരിയാതെ."

ശഹീദ് സയ്യിദ് ഖുത്വ്ബിന്റെ ആ മനോഹര നാദവും നിങ്ങളുടെ കാതുകളിൽ വന്നലക്കാതിരിക്കില്ല: "സഹോദരാ, ചങ്ങലകളിൽ ബന്ധിതനായി ആ മതിൽക്കെട്ടുകൾക്കപ്പുറം നിന്നാലും നീ സ്വതന്ത്രനാണ്– ലോകരക്ഷിതാവിൽ വിശ്വാസം അടിയുറപ്പിച്ചാണ് നിന്റെ നിൽപ്പെങ്കിൽ. ഈ അടിമകളുടെ കുത്തിത്തിരുപ്പുകൾ നിന്നെയുണ്ടോ വല്ല പോറലും ഏൽപിക്കുന്നു!"

ഒന്നാമത്തെ അർഥത്തിൽ മാത്രമാണ് നിങ്ങൾ സ്വാതന്ത്ര്യത്തെ കാണുന്നതെങ്കിൽ തടവറയുടെ വാതിലുകൾ കൊട്ടിയടക്കപ്പെട്ടാൽ, നിങ്ങൾക്ക് സന്ദർശകരെ വിലക്കിയാൽ നിങ്ങളുടെ മനസ്സ് വല്ലാതെ ഇടുങ്ങും, പ്രയാസപ്പെടും. യഥാർഥ സ്വാതന്ത്ര്യം എന്ന രണ്ടാമത്തെ ആശയം നിങ്ങൾക്ക് പിടികിട്ടുന്നുവെങ്കിൽ, അല്ലാഹുവുമായുള്ള യഥാർഥ അടുപ്പത്തിന്റെ മാധുര്യം നിങ്ങൾക്ക് നുകരാനാവും; ജയിലറകൾ അവർ എത്ര താഴിട്ട് പൂട്ടിയാലും. ഏകാന്ത ജയിൽവാസമാണ്– ഞാനത് രണ്ടു തവണ അനുഭവിച്ചിട്ടുണ്ട്– അവർ നിങ്ങൾക്ക് നൽകുന്ന ശിക്ഷയെങ്കിലും നിങ്ങൾക്കത് പ്രശ്നമാകുന്നില്ല. അവിടെ നിങ്ങളെ ആശ്വസിപ്പിക്കാനായി ഖുർആനും നമസ്കാരവും ദിക്ർ ദുആദികളുമല്ലാതെ മറ്റൊന്നുമുണ്ടാകില്ല. പ്രപഞ്ച വിസ്മയങ്ങൾ തീർത്ത സർവലോക രക്ഷിതാവിന്റെ സൃഷ്ടി വൈഭവത്തെക്കുറിച്ച് മാത്രമായിരിക്കും നിങ്ങളുടെ ചിന്തയത്രയും.

ജയിൽ തീക്ഷ്ണമായ ഒരനുഭവവും പരീക്ഷണവുമാണ്. തടവുകാരനായിരിക്കെ, ദുനിയാവിലെ പരീക്ഷണങ്ങളുടെ ആന്തരാർഥങ്ങളെക്കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാതിരിക്കാനാവില്ല. നിങ്ങൾക്ക് വരാനിരുന്ന വലിയൊരു പരീക്ഷണത്തെ തട്ടിമാറ്റാൻ അല്ലാഹു നൽകിയതായിരിക്കാം തടവറയെന്ന ഈ ചെറിയ പരീക്ഷണം. നിങ്ങൾ അസ്വസ്ഥനാവാതെ ക്ഷമിക്കുകയും ആ ജീവിതത്തിൽ തൃപ്തിയടയുകയും ചെയ്താൽ അല്ലാഹു ഒട്ടേറെ അനുഗ്രഹങ്ങൾ നിങ്ങൾക്ക് വേണ്ടി കാത്തുവെച്ചിട്ടുണ്ടാവാം. ഞാൻ എനിക്ക് വേണ്ടി തെരഞ്ഞെടുക്കുന്നതല്ല, അല്ലാഹു എനിക്ക് വേണ്ടി തെരഞ്ഞെടുക്കുന്നതാണ് അനുഗ്രഹീത വഴി എന്ന് സ്വയം ബോധ്യപ്പെടുത്താനുള്ള വിശ്വാസ ദാർഢ്യം നിങ്ങൾക്കില്ലേ?

നിരപരാധിയെ ജയിലിലിടുന്നത് തുറന്ന അതിക്രമമാണ്, മൗലികാവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റമാണ്. ഈ അതിക്രമത്തിന് നിങ്ങൾ ഒരു വട്ടമോ പല വട്ടമോ ഇരയായാൽ, ഒരാളോടും അതിക്രമം കാണിക്കരുതെന്നും സർവരോടും –ശത്രുക്കളോട് പോലും– കാരുണ്യത്തോടെ പെരുമാറണമെന്നും നിങ്ങൾ മനസ്സിലാക്കും. നിങ്ങളെ ഉപദ്രവിക്കുന്ന ജയിലർമാരോടും നിങ്ങൾക്കപ്പോൾ പകയുണ്ടാവില്ല. അവർ സ്വന്തമായി ഒന്നും ചെയ്യുന്നില്ലെന്നും മറ്റാരുടെയോ ഉപകരണങ്ങളാണെന്നുമുള്ള ബോധം നിങ്ങൾക്കുണ്ടാകും.

നിങ്ങളുടെ യഥാർഥ ശക്തിയും ജനജീവിതത്തിൽ നിങ്ങളുടെ യഥാർഥ സ്വാധീനവും തിരിച്ചറിയുന്ന സന്ദർഭം കൂടിയാണ് ജയിൽ ജീവിതം. ഞാൻ അപ്രത്യക്ഷനാവുകയോ യാത്ര പോവുകയോ രോഗിയാവുകയോ ചെയ്താൽ തന്റെ ചുറ്റുമുള്ള ജീവിതചക്രം നിലച്ചുപോകുമെന്ന് സ്വതന്ത്രനായിരിക്കെ നിങ്ങൾ വിചാരിച്ചിട്ടുണ്ടാവും. ഇവിടെയിതാ നിങ്ങൾ തടവറക്കുള്ളിൽ... രാപ്പകലുകൾ എത്രയോ കൊഴിഞ്ഞു വീണിരിക്കുന്നു. അപ്പോഴാണ് താൻ ആരാണെന്ന സത്യം നിങ്ങൾ തിരിച്ചറിയുന്നത്. നിങ്ങൾ സ്വയം കരുതിയത് പോലെ, നിങ്ങൾ അന്നമൂട്ടുന്നവനോ ഒഴിച്ചുകൂടാനാവാത്ത ജനറൽ മാനേജരോ സുപ്രധാനിയായ കൈകാര്യ കർത്താവോ ഒന്നുമായിരുന്നില്ല. നിങ്ങളില്ലാതെയും പുറത്ത് കാര്യങ്ങളൊക്കെ ഭംഗിയായി നടക്കുന്നു. അല്ലാഹുവിന്റെ കണക്കുകൂട്ടലിലാണ് കാര്യങ്ങൾ നടക്കുന്നതെന്നും നിങ്ങൾ ഉൾപ്പെടെ ഓരോരുത്തനും ആ നടത്തിപ്പിലെ ഉപകരണം മാത്രമാണെന്നും നിങ്ങൾ തിരിച്ചറിയുന്നു. ഈ സത്യം സ്വന്തം കുടുംബത്തെയും സഹപ്രവർത്തകരെയും പഠിപ്പിക്കേണ്ടതിന്റെ പ്രാധാന്യം നിങ്ങൾക്കപ്പോൾ ബോധ്യമാവും.

വിനയത്തിന്റെയും ലാളിത്യത്തിന്റെയും വലിയ പാഠങ്ങളാണ് ഒരു തടവുകാരൻ ആർജിക്കുന്നത്. എത്ര ചെറിയ കാര്യങ്ങളിലേക്കാണ് അവന്റെ ശ്രദ്ധ ചുരുങ്ങിപ്പോകുന്നത്! ദൈനംദിന കൃത്യങ്ങൾ ഓരോന്നും സ്വയം ചെയ്യേണ്ടിവരുന്നു. സഹതടവുകാരുടെ പ്രയാസങ്ങളകറ്റാനും സേവനസന്നദ്ധനാകുന്നു. ഓരോ തടവുകാരനോടും, അയാൾ ചെയ്ത കുറ്റം എന്തു തന്നെയായിരുന്നാലും, നിങ്ങൾക്ക് സഹതാപവും അനുകമ്പയും തോന്നുന്നു. പ്രാർഥനാ നിർഭരമായ, പശ്ചാത്താപവിവശമായ മനസ്സുമായല്ലാതെ നിങ്ങൾക്കവിടെ നിന്ന് ഇറങ്ങിപ്പോരാൻ കഴിയില്ല. ■

(ഈജിപ്തിലെ അൽ ഇഖ്വാനുൽ മുസ്‌ലിമൂൻ കേന്ദ്രസമിതി (മക്തബുൽ ഇർശാദ്) അംഗവും പ്രഗത്ഭ രാഷ്ട്രീയ നിരീക്ഷകനുമാണ് ലേഖകൻ)